# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4771 14.11.2019 ൽ മറുപടിക്ക്**

## നേര്യമംഗലത്ത് പി.ഡബ്ല്യൂ.ഡി എൻജിനീയർമാരുടെ പരിശീലന കേന്ദ്ര നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തെ പി.ഡബ്ല്യൂ.ഡി എൻജിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) കോതമംഗലം മണ്ഡലത്തിലെ എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്ര നിർമ്മാണ പദ്ധതിയിൽ ഒന്നാംഘട്ടത്തിലും രണ്ടാം ഘട്ടത്തിലും വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ 2 ബേസ്മെന്റ് ഫ്ളോറിന്റെ പണികൾ നടത്തി. മൂന്നാം ഘട്ട ബാലൻസ് പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരുന്ന റെസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകളുടെ നിർമ്മാണവും basement, floor, tress പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ ഈ കോമ്പൗണ്ടിൽ തന്നെ റീജിയണൽ ക്വാളിറ്റി കൺട്രോൾ ഓഫീസിന്റെയും ലാബിന്റെയും പണിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും പൂർത്തീകരിക്കാനുള്ള ഓരോ പ്രവൃത്തിയും എന്നത്തേക്ക് തീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത കേന്ദ്രത്തിന്റെ മൂന്നാംഘട്ട നിർമ്മാണത്തിന്റെ പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) & (സി) ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 448 ലക്ഷം രൂപ ചിലവിൽ 3553 ച.മീ വിസ്തീർണത്തിൽ സെല്ലാർ, താഴത്തെ നില ഒന്നാം നില എന്നിവ 02.07.2013 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ വാഹന പാർക്കിങ്ങ്, സ്റ്റാഫിന് താമസ സൗകര്യം, ഡൈനിംഗ് ഹാളുകൾ, അടുക്കള, ഡോർമെറ്ററി, റീഡിംഗ് റൂം, ലൈബ്രറി, അഞ്ച് സെമിനാർ ഹാളുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ നിലവിലുള്ള കെട്ടിടത്തിനു മുകളിൽ 1276 |

ച.മീ. വിസ്തീർണ്ണത്തിൽ രണ്ടാം നിലയും ഒന്നാംഘട്ട പൂർത്തീകരണ വേലകൾ ഉൾപ്പെടെ 700 ലക്ഷം രൂപ മുടക്കി 01.12.2016 ൽ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ വലുതും ചെറുതുമായ ഓരോ കോൺഫറൻസ് ഹാളുകൾ ഓഡിറ്റോറിയം, ടോയിലറ്റ് സൗകര്യം എന്നിവയും ചുറ്റുമതിൽ, ഗേറ്റ്, കെട്ടിടത്തിലേക്കുള്ള റോഡ്, മുറ്റം ടൈൽസ് വിരിക്കൽ എന്നിവയും ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വേലകളും ഉൾപ്പെടുന്നു. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 3033 ച.മീ വിസ്തീർണത്തിൽ 45 മുറികളും 3 സ്യൂട്ടുകളും, ഫർണിച്ചറും ഉൾപ്പെടെ റസ്റ്റ് ഹൗസിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 32 മുറികൾ ഉൾപ്പെടെ രണ്ട് ബേസ്മെന്റ് നിലകളുടെയും ഒന്നാം നിലയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിനു വേണ്ട ഫർണിച്ചർ സപ്ലൈ ചെയ്തിട്ടുണ്ട്. റസ്റ്റ് ഹൗസിലേക്കു വേണ്ട ഫർണിച്ചറുകൾ സപ്ലൈ നടന്നു കൊണ്ടിരിക്കുന്നു. കൂടാതെ മൂന്നാംഘട്ട ബാലൻസ് വർക്കുകൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിൽ രണ്ടും മൂന്നും നിലകളുടെ നിർമ്മാണവും ബേസ്മെന്റ് ഫ്ളോറുകളുടെ പൂർത്തീകരണ വേലകളും ഉൾപ്പെടുന്നു. എഗ്രിമെന്റ് പ്രകാരം മൂന്നാംഘട്ട ബാക്കി വേലകൾ 10.12.2020 ൽ പൂർത്തീകരിക്കും. ട്രെയിനിംഗ് സെന്ററിന്റെ ഇലക്ട്രിക്കൽ വേലകൾ, ഫയർ സേഫ്റ്റി, ലിഫ്റ്റ് ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസിൽ ഇലക്ട്രിക്കൽ വേലകൾ പുരോഗമിക്കുന്നു. കൂടാതെ ട്രെയിനിംഗ് സെന്ററിൽ എയർ കണ്ടീഷണർ, ട്രാൻസ്ഫോർമർ,

| | | | |
|---|---|---|---|
| | | | അഡീഷണൽ ഇലക്ട്രിക്കൽ ഉൾപ്പെടെ 94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിലെ ഇലക്ട്രോണിക്സ് വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനിംഗ് സെന്ററിലെ നിരീക്ഷണ ക്യാമറ ഘടിപ്പിക്കൽ, സൗണ്ട് സിസ്റ്റം, അഡീഷണൽ ഇലക്ട്രോണിക്സ് വർക്കുകളും, റസ്റ്റ് ഹൗസിലെ വർക്കുകൾക്കും ഉദ്ദേശം 1.25 കോടി രൂപ ആവശ്യമുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് ഉടനെ തയ്യാറാക്കുന്നതാണ്. |
| (ഡി) | പ്രസ്തുത കേന്ദ്രത്തിൽ നാലാംഘട്ടമായി നിർമ്മിക്കുന്ന കൺവെൻഷൻ സെന്ററിന്റേയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ഡി) | ഈ കോമ്പൗണ്ടിൽ തന്നെ നാലാം ഘട്ടമായി കൺവെൻഷൻ സെന്ററിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനു വേണ്ട മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ എ.ആർ. ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കൽ എന്നിവയുടെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (ഇ) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പരിശീലന കേന്ദ്രം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഇ) | ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിലായി പൂർത്തീകരിച്ച കെട്ടിടത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഘട്ടം ഘട്ടമായി പ്രവർത്തന സജ്ജമാക്കാവുന്നതാണ്. 2015 ൽ പൂർത്തിയാക്കിയ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും, ഓഫീസും പ്രവർത്തന സജ്ജമാക്കുന്നതിന് ലബോറട്ടറി ഉപകരണങ്ങളും ജീവനക്കാരെയും നിയമിക്കേണ്ടതുണ്ട്. മൂന്നാംഘട്ട ബാലൻസ് വേലകളിൽ ഉൾപ്പെടുന്ന പൊതുമരാമത്ത വകുപ്പ് റസ്റ്റ് ഹൗസിന്റെ ബാക്കി നിർമ്മാണ വേലകൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം നടത്തുന്നതിന് ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് അഡീഷണൽ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് പണികൾ |

പൂർത്തീകരിക്കേണ്ടതുണ്ട്. നാലാം ഘട്ടത്തിലെ കൺവെൻഷൻ സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയ്ക്ക് ഡിസൈൻ തയ്യാറാക്കി കിട്ടുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മാത്രമേ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാനാവുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**